സമരിറ്റൻ വൈബ്സ്

SAMARITANS OF MANDYA
A Mandya Diocese Initiative

ಸಮರಿಟನ್ ವೈಬ್ಸ್

SAMARITAN VIBES

VOLUME I, ISSUE 1, JULY 2026 | NEWS BULLETIN OF GOOD SAMARITAN MINISTRY, DIOCESE OF MANDYA

BE A SPARK

LIGHTEN THE PATHWAYS

"Be a spark" is the favourite theme of our Most Holy Father, Leo XIV. A spark gives way to the fire that lightens the pathways of life.


The Good Samaritan has been that spark, emerging from the pastoral care given to all people during the COVID era. It was a beautiful response to the plea of the late Holy Father Francis, who stated that the Church should be like a "field hospital" or an ambulance parked in a war zone. To a large extent, it became a bright beacon of hope for many who were caught up in precarious and difficult situations.

It proved to us what miraculous work we can accomplish when we come together. The Catholic Church is not a relic of the past; it is a present reality, helping people who need urgent and immediate assistance. This newsletter witnesses some of those events, sharing stories that will bring tears to your eyes and warmth to your heart. My congratulations to all the members of the Good Samaritan team.

If I enter a room and my presence radiates positive energy, stability, gratitude, affection, concern for others, joy in living, wit, and humour, that energy will affect everyone in the room and will remain long after I have left.

The Samaritan Vibes wants to share with you the joy, energy, and gratitude that were felt at various moments over the past months. We want you to experience the same in your life, because we have witnessed miracles happening all around us.

With warm regards,
Bishop Sebastian Adayantharath, Shepherd of Mandya



Editorial

നീ തനിച്ചല്ല

സമരിറ്റൻ മിനിസ്ട്രിയുടെ കരുതൽ യാത്ര

നമ്മുടെ സമരിറ്റൻ മിനിസ്ട്രി പുതിയൊരു ചുവടുവയ്പ് കൂടി നടത്തുകയാണ്, 'സമരിറ്റൻ വൈബ്സി'ലൂടെ. ജീവിതയാത്രയിൽ അപ്രതീക്ഷിതമായി കടന്നുവരുന്ന പ്രതിസന്ധികളിലും, അപകടങ്ങളിലും തളർന്നുനിൽക്കുന്നവരുടെ മുന്നിലേക്ക് നീളുന്ന ഒരു കൈത്താങ്ങാണ് 'സമരിറ്റൻ മിനിസ്ട്രി'. വേദനിക്കുന്നവന്റെ മുറിവിൽ മരുന്നും, വഴിയറിയാതെ നിൽക്കുന്നവർക്ക് വഴികാട്ടിയുമായി, മണ്ഡ്യ രൂപതയുടെ കരുതലായി നമ്മൾ മുന്നോട്ടു പോകുന്നു. ഇക്കഴിഞ്ഞ നാളുകളിൽ ജീവരക്ഷാ പ്രവർത്തനങ്ങളിലും, അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുന്നതിലും നമ്മുടെ ടീം നടത്തിയ ഇടപെടലുകൾ നിരവധി ജീവിതങ്ങൾക്ക് അനുഗ്രഹമായി മാറിയെന്നതിൽ നമുക്ക് സന്തോഷിക്കാം, പരസ്പരം അഭിനന്ദിക്കാം.

ഈ പ്രവർത്തനങ്ങളുടെയും അനുഭവങ്ങളുടെയും സാക്ഷ്യവുമായി 'സമരിറ്റൻ വൈബ്സ്' നിങ്ങളുടെ കൈകളിലെത്തുകയാണ്. വെറുമൊരു വാർത്താവിനിമയ ഉപാധി എന്നതിലുപരി, ഒരു സന്ദേശം എല്ലാവരിലേക്കും എത്തിക്കുവാനാണ് ഈ വാർത്താപത്രിക ലക്ഷ്യമിടുന്നത്: നിങ്ങൾ എവിടെയായിരുന്നാലും, ഇതിലെ അനുഭവസാക്ഷ്യങ്ങളിലേതിന് സമാനമായ നിങ്ങളുടെ അപകടനിമിഷങ്ങളിൽ, സഹായമേകാൻ നമ്മുടെ 'സമരിറ്റൻ മിനിസ്ട്രി' നിങ്ങളുടെ കൂടെയുണ്ട്.

'ആപത്തുകളിൽ ഒറ്റയ്ക്കല്ല നിങ്ങൾ' എന്ന ഉറപ്പ് നൽകുക എന്നതാണ് സമരിറ്റൻ മിനിസ്ട്രിയുടെ ഏറ്റവും വലിയ ദൗത്യം. സമരിറ്റൻ മിനിസ്ട്രി ഏറ്റെടുത്ത കഴിഞ്ഞ ദൗത്യങ്ങളിൽ നമ്മെ സഹായിക്കുകയും, പ്രാർത്ഥനയാലും അധ്വാനത്താലും കൈകോർക്കുകയും ചെയ്ത ഓരോ വ്യക്തിയെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. നമ്മൾ ഒരുമയോടെ നിസ്വാർത്ഥമായി പ്രവർത്തിച്ചിരുന്നില്ലെങ്കിൽ ഇത്തരം വലിയ ദൗത്യങ്ങൾ സാധ്യമാകുമായിരുന്നില്ല.

ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തിരഞ്ഞെടുത്ത ഏതാനും അനുഭവക്കുറിപ്പുകൾ കേവലം വാർത്തകളല്ല, മറിച്ച് നമ്മുടെ സ്നേഹയാത്രയിൽ വിരിഞ്ഞ കരുതലിന്റെ കയ്യൊപ്പുകളാണ്. ഈ അനുഭവങ്ങൾ വരുംദിവസങ്ങളിൽ നമ്മെ കൂടുതൽ കരുത്തോടെ മുന്നോട്ടുപോകാൻ സഹായിക്കുമെന്നും, പുതിയ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

നമുക്ക് ഒരുമിച്ച് കൈകോർക്കാം. വേദനിക്കുന്നവരുടെ കണ്ണീരൊപ്പാനും, ആശ്വാസത്തിന്റെ കരം നീട്ടാനും സമരിറ്റൻ മിനിസ്ട്രി എന്നും നിങ്ങൾക്കൊപ്പമുണ്ടാകും.

സ്നേഹപൂർവ്വം,

ഡോ. ജോമോൻ കോലഞ്ചേരി സിഎംഐ
ഡയറക്ടർ, സമരിറ്റൻ മിനിസ്ട്രി, മണ്ഡ്യ രൂപത.



കൽപ്പിക്കപ്പെട്ട കാവൽ ദൂതന്മാർ

സ്മിത സുഭാഷ്
ഹോളിഫാമിലി ഫൊറോനാ ചർച്ച്
ഹൊങ്ങസാന്ദ്ര, ബാംഗ്ലൂർ

സുവിശേഷക്കഥയിൽ ഈശോ പറഞ്ഞിട്ട് പോയ നല്ല സമരിയക്കാരനെ എന്നെപ്പോലെ നിങ്ങളും ജീവിതത്തിൽ കണ്ടുമുട്ടിയിട്ടുണ്ടാകാം. പ്രതീക്ഷകൾ അവസാനിച്ചുവെന്ന് കരുത്തുന്നിടത്തു വന്നു നിന്ന് കൈകൾ നീട്ടി 'കൂടെയുണ്ട്, പേടിക്കേണ്ട' എന്ന് പറയുന്ന അവരുടെ മുഖങ്ങൾ ചിലപ്പോൾ നമുക്ക് അപരിചിതങ്ങളാകാം. പക്ഷേ, ജന്മാന്തരങ്ങളെ അതിജീവിച്ച ഈശോ പറഞ്ഞ ആ സമരിയക്കാരന്റെ മുഖച്ഛായ അവരിൽ ഒളിമിന്നുന്നുണ്ടാകും. ഈ ഭൂമിയിലെ അനന്തമായ പാതയോരങ്ങളിൽ പലവിധ മുറിവുകളേൽക്കുന്നവർക്കുള്ള ഔഷധങ്ങളുമായി അവർ പുറകെ വരുന്നുണ്ടാകും– സ്വർഗ്ഗം സ്വന്തമാക്കിയ നല്ല സമരിയാക്കാർ. അവരിലൊരാളാകാൻ ഈശോ നമ്മളേയും ക്ഷണിക്കുന്നുണ്ട്.

"നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടന്ന് നിന്റെ ദൂതന്മാരോട് കൽപ്പിക്കു"മെന്ന സങ്കീർത്തന തിരുവചനം (91:11) ജീവിതത്തിൽ അക്ഷരാർത്ഥത്തിൽ നിറവേറുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ടോ നിങ്ങൾക്ക്? അങ്ങനെയൊരനുഭവത്തിലൂടെ കടന്നു പോയതിന്റെ നന്മ കിനിയുന്ന ഒരോർമ്മ നിങ്ങളോട് പങ്കുവെക്കാനാണ് ഈ കുറിപ്പ്. നമ്മുടെ ആരുമല്ലാത്തവരെന്ന് നമ്മൾ കരുതുന്ന ചില മനുഷ്യർ നമ്മുടെ സങ്കടങ്ങളിൽ എല്ലാമായി മാറുന്ന അനുഭവങ്ങളാണ് ഈ ഭൂമിയിൽ പിന്നെയും പിന്നെയും ജനിക്കണമെന്ന് നമ്മെക്കൊണ്ട് തോന്നിപ്പിക്കുന്നത്... ഇവിടം ജീവിക്കാൻ മോഹിപ്പിക്കുന്ന ഇടമാക്കി മാറ്റുന്നത്. പറഞ്ഞു വരുന്നത് നമ്മുടെ രൂപതയിലെ സമരിറ്റൻ മിനിസ്ട്രിയെക്കുറിച്ചാണ്.

ഡാഡിയുടെ യാത്ര

വയനാട്ടിലാണ് ഞങ്ങളുടെ നാട്ടിലെ വീട്. കഴിഞ്ഞ ജനുവരി 23 ന് ഡാഡി ബാംഗ്ലൂരിലുള്ള ഞങ്ങളെ സന്ദർശിക്കാൻ ഒരു പരിചയക്കാരനായ ഡ്രൈവറോടൊപ്പം പുലർച്ചെ തന്നെ പുറപ്പെട്ടു. ഡാഡിയെ ഞങ്ങൾ അങ്ങനെ ഒറ്റക്ക് എങ്ങും വിടാത്തതാണ്. ഒരു ഓപ്പൺ ഹാർട്ട് സർജറിയും കഴിഞ്ഞ് സ്റ്റെന്റ് ഒക്കെ ഇട്ട് പേസ് മേക്കറും വച്ച് നടക്കുന്ന ആളാണ്. അതിന്റെ ടെൻഷൻ ഡാഡിക്കും, ഡാഡിയെക്കാളേറെ ഞങ്ങൾക്കും എപ്പോഴും ഉണ്ട്. എങ്കിലും ഡ്രൈവർ പരിചയക്കാരനായതിന്റെ ഒറ്റ ബലത്തിലാണ് ഡാഡിക്ക് ഒറ്റക്ക് ബാംഗ്ലൂർക്ക് യാത്ര ചെയ്യാൻ ഞങ്ങൾ സമ്മതം നൽകിയത്.

അപകടം

രാവിലെ 7.35 നാണ് എനിക്ക് ഡാഡിയുടെ ഫോൺ വരുന്നത്. മൈസൂർ അടുത്തുള്ള നഞ്ചൻഗുഡ് എന്ന സ്ഥലത്തു വച്ച് കർണാടക ആർ.ടി.സി ബസ് ഇടിച്ചു ഡാഡിയുടെ കാർ ആകെ തകർന്നിരിക്കുന്നു. ദൈവാനുഗ്രഹം കൊണ്ട് മാത്രം ആളപായമില്ല. പക്ഷേ ഡാഡിയുടെ ആരോഗ്യസ്ഥിതി അറിയാവുന്നത് കൊണ്ട്

ഞങ്ങൾക്കാകെ ടെൻഷൻ ആയി. ഹാർട്ടിന്റെ പ്രോബ്ലം ഒക്കെയുള്ളത് കൊണ്ട് ഇങ്ങനെയൊരു സിറ്റുവേഷൻ ഒറ്റക്ക് ഫേസ് ചെയ്യാൻ ഡാഡിക്ക് പറ്റുമോ എന്നതായിരുന്നു ഞങ്ങളുടെ പേടി. ഡാഡിയുടെ ശബ്ദത്തിൽ നിന്നും ആകെ ഭയന്നിരിക്കുന്ന പോലെ എനിക്ക് തോന്നി. സംഭവം നടന്നിരിക്കുന്നത് നഞ്ചൻഗുഡ് ടൗണിൽ നിന്നും കുറച്ചകലെ 'കളലെ' എന്ന സ്ഥലത്തു വെച്ചാണ്. തൊട്ടടുത്തുനിന്നും കാര്യമായ ആൾ സഹായം കിട്ടാനുള്ള സാഹചര്യമൊന്നുമില്ലെന്ന് മനസ്സിലായി. 200ലധികം കിലോമീറ്ററുകൾക്കപ്പുറം ദൂരത്ത്, ആ തണുപ്പിൽ തകർന്ന വണ്ടിയുമായി പെരുവഴിയിൽ ഒറ്റക്ക് നിൽക്കുന്ന രോഗിയായ ഡാഡിയുടെ അവസ്ഥ ഓർത്തപ്പോൾ അറിയാതെ കരഞ്ഞു പോയി. ഞാനീപ്പറയുന്നതിലെ സങ്കടവും നിസ്സഹായതയും ടെൻഷനും നിങ്ങൾക്ക് എത്രമാത്രം ഉൾക്കൊള്ളാനാവുന്നുണ്ടെന്ന് എനിക്കറിയില്ല. പക്ഷേ ഒരിക്കലെങ്കിലും നിങ്ങൾ ഇങ്ങനെ തനിയെ സഞ്ചരിക്കുമ്പോൾ ഒരു റോഡ പകടത്തിൽ പെട്ടിട്ടുണ്ടെങ്കിൽ നിങ്ങൾക്കത് മനസിലാവും.

വിളികേട്ടുണർന്ന കാവൽദൂതർ

പെട്ടെന്ന് ഓർമ്മ വന്നത് സമരിറ്റൻ മിനിസ്ട്രിയെയാണ്. ഡയറക്ടറച്ചനോട് കാര്യം പറഞ്ഞപ്പോൾ വോളന്റിയേഴ്സ് ഗ്രൂപ്പിൽ ഡാഡിയുടെയും ഡ്രൈവറുടെയും ഫോൺ നമ്പറും ലൊക്കേഷനും ഷെയർ ചെയ്യാൻ പറഞ്ഞു. ഞാൻ വേഗം അങ്ങനെ ചെയ്തു. കൂടാതെ അപകടത്തെ കുറിച്ചു വിവരിക്കുന്ന ഒരു ഹെൽപ്പ് റിക്വസ്റ്റും പോസ്റ്റ് ചെയ്തു. രാവിലെ 7.43 നാണ് ഇത് പോസ്റ്റ് ചെയ്യുന്നത്. കൃത്യം 7.49 ന്, അതായത് 5 മിനിറ്റിനുള്ളിൽ ഹിങ്കൽ കത്തീഡ്രലിൽ നിന്നും അഡ്വക്കേറ്റ് ജെയ്സൺ ആൻഡ്രൂസ് ചേട്ടന്റെ വിളിയെത്തി - ഒന്നും പേടിക്കേണ്ടെന്നും എല്ലാം ഞങ്ങൾ നോക്കിക്കോളാമെന്നും പറഞ്ഞു.

കൃത്യമായ ഏകോപനം

പത്തു മിനിട്ടിനുള്ളിൽ (7.59) ന് ഞങ്ങൾക്ക് ജെയ്സൺ ചേട്ടന്റെ ആദ്യത്തെ അപ്ഡേറ്റ് കിട്ടി. അവിടുത്തെ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് വേണ്ടതായ സഹായങ്ങൾ ഉറപ്പാക്കിയിട്ടുണ്ടെന്നും നഞ്ചൻഗുഡ് കേന്ദ്രീകരിച്ചു ബിസിനസ് ചെയ്യുന്ന കത്തീഡ്രൽ സമരിറ്റൻ വോളന്റിയർ ജോയ് ചിറ്റിലപ്പിള്ളി ചേട്ടൻ കാര്യങ്ങളുടെ ഏകോപനം ഏറ്റെടുത്തിട്ടുണ്ടെന്നും അറിയിച്ചു. അപകട വിവരമറിഞ്ഞ് മിനിറ്റുകൾക്കുള്ളിൽ ഡാഡിയെ സമരിറ്റൻ മിനിസ്ട്രിയുടെ സംരക്ഷണവലയത്തിലാക്കാൻ കത്തീഡ്രൽ വോളന്റിയേഴ്സിന് കഴിഞ്ഞു. അപകട വിവരം അറിഞ്ഞ് മിനിറ്റുകൾക്കുള്ളിൽ നഞ്ചൻഗുഡ് താമസിക്കുന്ന താണ്ഡവപുര ഇടവകാംഗങ്ങളായ സിജി ജോർജ്ജ്, എം.എൽ. തോമസ്, വിനോയ് വി. വി. എന്നിവർ ജോയ് ചിറ്റിലപ്പിള്ളി ചേട്ടന്റെ നിർദ്ദേശപ്രകാരം ഡാഡിയുടെ അടുത്തെത്തി ധൈര്യം പകർന്നു. അപ്പോഴാണ് ഞങ്ങൾക്ക് ശ്വാസം നേരെ വീണത്. അധികം വൈകാതെ 45 കിലോമീറ്റർ ദൂരം യാത്ര ചെയ്ത് ജെയ്സൺ ചേട്ടനും ജോയിച്ചേട്ടനും അപകടം നടന്ന സ്ഥലത്തെത്തി. പോലീസുകാരുമായി സംസാരിച്ചു ഫോർമാലിറ്റീസ് എല്ലാം തീർത്തു. കർണാടക ആർ.ടി.സി ബസ് ഓഫീസിൽ പോയി സംസാരിച്ചു 20,000 രൂപ നഷ്ടപരിഹാരം നമുക്ക് തരാമെന്ന വ്യവസ്ഥയിൽ എല്ലാം സെറ്റിൽ ചെയ്തു. അപകടത്തിൽപ്പെട്ട വണ്ടി ബാംഗ്ലൂർക്ക് എത്തിക്കാനുള്ള കാര്യങ്ങളും ചെയ്തു.

മറക്കാനാവാത്ത കരുതൽ

ബാംഗ്ലൂരിൽ നിന്നും ഞങ്ങൾ പുറപ്പെടുകയാണെന്ന് പറഞ്ഞപ്പോൾ ജെയ്സൺ ചേട്ടനും ജോയിച്ചേട്ടനും പറഞ്ഞത് 'ധൃതി പിടിച്ചു ഇങ്ങോട്ട് ഓടി വരണ്ട, ഡാഡി ഞങ്ങളുടെ അടുത്ത് സേഫ് ആണെ' ന്നാണ്. ആ കരുതലിന്റെ വാക്കുകൾ കേട്ടപ്പോൾ ശരിക്കും കണ്ണ് നിറഞ്ഞു പോയി. സമയമൊട്ടും കളയാതെ മണിക്കൂറുകളെടുത്തു ഞങ്ങൾ ഡാഡിയുടെ അടുത്തെത്തിയപ്പോൾ ഈ ആക്സിഡന്റുമായി ബന്ധപ്പെട്ട് ചെയ്യാനുണ്ടായിരുന്ന എല്ലാക്കാര്യങ്ങളും അവർ പൂർത്തിയാക്കിയിരുന്നു. വൈകിട്ട് 4 മണിയോടെ ഡാഡിയെയും കൂട്ടി ബാംഗ്ലൂരിലെ ഹൊങ്ങസാന്ദ്രയിലുള്ള ഞങ്ങളുടെ വീട്ടിലെത്തി.

ക്രിസ്തീയ സാക്ഷ്യം

ഡാഡിയുടെ ഡ്രൈവർ ആയി കൂടെ ഉണ്ടായിരുന്നത് യൂസഫലി എന്ന ഒരു മുസ്ലിം ചെറുപ്പക്കാരനായിരുന്നു. അപകടമുണ്ടായപ്പോൾ അവൻ ആകെ പകച്ചുപോയി. പരിചയമില്ലാത്ത സ്ഥലത്തു രോഗിയായ ഡാഡിയെയും തകർന്നു പോയ വണ്ടിയേയും എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയാത്ത അവസ്ഥ. പക്ഷേ മിനിറ്റുകൾക്കുള്ളിൽ നമ്മുടെ ആളുകൾ ഓടിയെത്തി എല്ലാക്കാര്യങ്ങളും ഡെഡിക്കേഷനോടെ ചെയ്യുന്നത് കണ്ടപ്പോൾ അവനാകെ ആശ്ചര്യം. അവൻ ഞങ്ങളോട് സമരിറ്റൻ മിനിസ്ട്രിയെക്കുറിച്ചു ചോദിച്ചറിയുകയും ഞങ്ങളുടെ നാട്ടിലെ ഒത്തിരിപ്പേരോട് നമ്മുടെ മിനിസ്ട്രിയെക്കുറിച്ചു ആവേശത്തോടെ പറയുകയും ചെയ്യുന്നുണ്ട്.

കാവലാളായി മാറുന്ന വൈവിധ്യങ്ങൾ നിറഞ്ഞ ശുശ്രൂഷ

എനിക്കിത് സമരിറ്റൻ മിനിസ്ട്രി വഴി ലഭിക്കുന്ന ആദ്യത്തെ സഹായമൊന്നുമല്ല. ആറ് മാസങ്ങൾക്ക് മുമ്പ് ഞങ്ങളുടെ ഹോട്ടലിൽ ജോലി ചെയ്യുന്ന സ്റ്റാഫിന്റെ ഒരു വയസ്സുള്ള കുഞ്ഞിന് കരൾ രോഗവുമായി അത്യാസന്ന നിലയിൽ ബാംഗ്ലൂരിലെ ഇന്ദിരാഗാന്ധി ഹോസ്പിറ്റലിൽ അഡ്മിറ്റായപ്പോൾ ഹോസ്പിറ്റൽ സംബന്ധമായ എല്ലാ സഹായങ്ങളും ചെയ്തുതന്ന് കുട്ടിയെ രക്ഷിക്കാൻ ഓടി നടന്നത് സമരിറ്റൻ വോളന്റിയേഴ്സ് ആയിരുന്നു. അടുത്തയിടെ സമരിറ്റൻ മിനിസ്ട്രി ഏറ്റെടുത്ത ഡിണ്ടിഗൽ ആക്സിഡന്റും ആൻ മരിയ എന്ന കുഞ്ഞിനെ ICU ആംബുലൻസിൽ 7 മണിക്കൂർ കൊണ്ട് കൊച്ചിയിൽ നിന്നും സാഹസികമായി ബാംഗ്ലൂർ എത്തിച്ചതും 4 മണിക്കൂറിനുള്ളിൽ കോറമംഗലയിൽ നിന്നും കാണാതായ ബൈക്ക് കണ്ടെത്താൻ സഹായിച്ചതും ഒക്കെ കാണുമ്പോൾ സമരിറ്റൻ മിനിസ്ട്രിയുടെ സാധ്യതകൾ ഇനിയുമേറെയെന്ന് നമ്മൾ തിരിച്ചറിയുന്നു.

നമുക്കും നല്ല സമരിയാക്കാരാകാം

സുവിശേഷക്കഥയിൽ ഈശോ പറഞ്ഞിട്ട് പോയ നല്ല സമരിയക്കാരനെ എന്നെപ്പോലെ നിങ്ങളും ജീവിതത്തിൽ കണ്ടുമുട്ടിയിട്ടുണ്ടാകാം. പ്രതീക്ഷകൾ അവസാനിച്ചുവെന്ന് കരുത്തുന്നിടത്തു വന്നുനിന്ന് കൈകൾ നീട്ടി 'കൂടെയുണ്ട്, പേടിക്കേണ്ട' എന്ന് പറയുന്ന അവരുടെ മുഖങ്ങൾ ചിലപ്പോൾ നമുക്ക് അപരിചിതങ്ങളാകാം. പക്ഷേ, ജന്മാന്തരങ്ങളെ അതിജീവിച്ച ഈശോ പറഞ്ഞ ആ സമരിയക്കാരന്റെ മുഖച്ഛായ അവരിൽ ഒളിമിന്നുന്നുണ്ടാകും. ഈ ഭൂമിയിലെ അനന്തമായ പാതയോരങ്ങളിൽ പലവിധ മുറിവുകളേൽക്കുന്നവർക്കുള്ള ഔഷധങ്ങളുമായി അവർ പുറകെ വരുന്നുണ്ടാകും- സ്വർഗ്ഗം സ്വന്തമാക്കിയ നല്ല സമരിയാക്കാർ. അവരിലൊരാളാകാൻ ഈശോ നമ്മളേയും ക്ഷണിക്കുന്നുണ്ട്.

കരുണയുടേയും പ്രാർത്ഥനയുടേയും

അതിജീവനഗാഥ

ആൻ മരിയക്ക് ദൈവം നൽകിയ രണ്ടാം ജന്മം

ലിജോ & മഞ്ജു
സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ഇന്ദിരാനഗർ, ബാംഗ്ലൂർ



"നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്ന ദൈവപ്രമാണം ജീവിതത്തിൽ പ്രാവർത്തികമാക്കപ്പെട്ട ഒരു അനുഭവം ഞങ്ങൾ വിനയത്തോടെ പങ്കുവെക്കുന്നു. എന്റെ പേര് ലിജോ, ഭാര്യ മഞ്ജു. ഞങ്ങളുടെ മൂത്ത മകൾ ആൻ മരിയ (7 വയസ് Blind & Special Child), ഇളയ മകൻ ഓസ്റ്റിൻ ജോൺ (2 വയസ്). ഞങ്ങൾ ബാംഗ്ലൂരിലുള്ള ഇന്ദിരാനഗർ, സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഇടവകാംഗങ്ങളാണ്.

അപ്രതീക്ഷിതമായി എത്തിയ
രോഗബാധ

ഞങ്ങളുടെ മകൾ ആൻ മരിയ പ്രത്യേക പരിശീലനത്തിനായി തൃശൂരിലെ കണ്ണാറയിലുള്ള ജയ് ക്രിസ്റ്റോ ബോർഡിംഗ് സ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുകയായിരുന്നു. നവംബർ 21ന് അവൾക്ക് പനി വരികയും തുടർച്ചയായി seizure (fits) ഉണ്ടാകുകയും ചെയ്തു. സമീപത്ത് മതിയായ ചികിത്സാസൗകര്യം ഇല്ലാത്തതിനാൽ കുട്ടിയെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. അപ്പോഴേക്കും അവളുടെ ആരോഗ്യനില വളരെ ഗുരുതരമായിക്കഴിഞ്ഞിരുന്നു. അന്നു തന്നെ നമ്മുടെ രൂപതയിലെ സ്പെഷ്യൽ കുട്ടികളുടെ സംഘടനയായ വിംഗ്സ് ഓഫ് ഹോപ്പിന്റെ ഡയറക്ടർ ജോമോനച്ചനെ വിവരം അറിയിക്കുകയും ഉടൻ തന്നെ അച്ചൻ സമരിറ്റൻ മിനിസ്ട്രിയുടെ പിന്തുണയോടെ ആവശ്യമായ എല്ലാ സഹായങ്ങളും ഉറപ്പുനൽകി. ഞങ്ങളുടെ വികാരി ബഹുമാനപ്പെട്ട ഷിജോ അച്ചനും ഇടവകാംഗങ്ങളും രൂപത മുഴുവനും ആൻ മരിയക്കായി പ്രാർത്ഥനയിൽ ഒരുമിച്ചു നിന്നു.

താങ്ങായി മാറിയ
സമരിറ്റൻ മിനിസ്ട്രി

ഞാൻ ബാംഗ്ലൂരിൽ നിന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ എത്തിയപ്പോഴേക്കും അവളുടെ സ്ഥിതി കൂടുതൽ മോശമായി, Multi Organ Failure എന്ന ഗുരുതരാവസ്ഥയിലേക്ക് നീങ്ങിയിരുന്നു. ജൂബിലി മിഷനിൽ കുട്ടികളുടെ അതിതീവ്ര പരിചരണ (PICU) സൗകര്യം പരിമിതമായതിനാൽ, കുട്ടിയെ കൊച്ചിയിലെ ആസ്റ്റർ മെഡിസിറ്റിയിലേക്ക് മാറ്റാൻ തീരുമാനിച്ചു. വെന്റിലേറ്റർ സംവിധാനത്തോടെ കുട്ടിയെ മാറ്റുന്നതിനു മുമ്പ് തന്നെ സമരിറ്റൻ മിനിസ്ട്രി അംഗങ്ങൾ അവിടെയുള്ള മുതിർന്ന ഡോക്ടർമാരുമായി ബന്ധപ്പെട്ടു ആവശ്യമായ ക്രമീകരണങ്ങൾ എല്ലാം മുൻകൂട്ടി ഉറപ്പാക്കി. ആസ്റ്റർ മെഡിസിറ്റിയിൽ എത്തിച്ച ശേഷവും കുട്ടിയുടെ ആരോഗ്യനില ഗുരുതരമായിത്തന്നെ തുടരുകയായിരുന്നു. ഞാൻ എയർഹോഴ്സിലാണ് ജോലിചെയ്യുന്നതെങ്കിലും, എനിക്കും എന്റെ കുടുംബത്തിനും ഇൻഷുറൻസ് സൗകര്യം ഉണ്ടായിരുന്നില്ല. ഡിഫൻസ് ആശുപത്രികളിൽ മുഴുവൻ ചികിത്സയും സൗജന്യമായതിനാൽ അതാണ് ഞങ്ങൾക്ക് ആശ്രയമായിരുന്നത്.

ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിലെ ചികിത്സാ ചെലവ് ദിവസേന ഉയർന്നുകൊണ്ടിരുന്നു; അത് ഞങ്ങളാൽ താങ്ങാനാകാത്ത സാഹചര്യമായി. തുടർന്ന് ഞാൻ ബാംഗ്ലൂരിലെ ഞങ്ങളുടെ ഡിഫൻസ് ആശുപത്രിയെ വിവരം അറിയിക്കുകയുണ്ടായി. അവർ കുട്ടിയെ ബാംഗ്ലൂരിലേക്ക് മാറ്റുകയോ, അല്ലെങ്കിൽ കൊച്ചിയിലെ നേവൽ ആശുപത്രിയിൽ CGHS നിരക്കിൽ ചികിത്സ ലഭ്യമാക്കുകയോ ചെയ്യാമെന്ന് നിർദേശിച്ചു. നേവൽ ആശുപത്രിയിൽ ആവശ്യമായ തീവ്രപരിചരണ സൗകര്യങ്ങൾ പരിമിതമായതിനാൽ, കൊച്ചിയിലെ അമൃത ആശുപത്രിയിലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ അത്യാഹിതാവസ്ഥയിലായിരുന്നിട്ടും അവിടെ PICU ബെഡ് ഉടൻ ലഭ്യമാകാതെ വന്നത് ഞങ്ങളെ കൂടുതൽ ആശങ്കയിലാഴ്ത്തി. സമരിറ്റൻ മിനിസ്ട്രി അംഗങ്ങളായ ഗുഡിയ ജോൺ, സോജി ജയ്സൺ, ലിയോ സ്റ്റാർവിൻ എന്നിവർ അതിയായ സമർപ്പണത്തോടെ നടത്തിയ തുടർച്ചയായ പരിശ്രമങ്ങളുടെ ഫലമായി, നിരവധി രാഷ്ട്രീയ ഇടപെടലുകൾ അടക്കം നടത്തി, ആവശ്യമായ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി. അവരുടെ അക്ഷീണ ശ്രമഫലമായി രണ്ടാം ദിവസം തന്നെ PICU ബെഡ് ഉറപ്പാക്കാൻ സാധിച്ചു. ആ സമയത്ത് അതൊരു വലിയ ദൈവാനുഗ്രഹമായിരുന്നു.

അമൃത ആശുപത്രിയിൽ പ്രവേശിപ്പിച്ച ശേഷവും ആൻ മരിയയുടെ ആരോഗ്യനില ഗുരുതരമായിത്തന്നെ തുടർന്നു. ദീർഘകാലം വെന്റിലേറ്ററിൽ തുടരേണ്ടിവന്നതിനെ തുടർന്ന് CRP നില ഉയർന്നു. നിരന്തരം ഉണ്ടായിരുന്ന seizures മൂലം കുട്ടിയുടെ വോക്കൽ കോഡ് പ്രവർത്തനം താത്കാലികമായി നിലച്ചു. ഇതോടെ അവളുടെ ആരോഗ്യസ്ഥിതി വീണ്ടും അതീവ ഗുരുതരാവസ്ഥയിലേക്ക് നീങ്ങി.

പ്രതീക്ഷിച്ചത്ര പുരോഗതി ഒന്നും കാണാനാകാത്ത അവസ്ഥയിൽ, ഞാനും എന്റെ കുടുംബവും വലിയ നിരാശയിലും മാനസിക വേദനയിലും ആഴ്ന്നു പോയി. എന്നാൽ അതിനിടയിലും എല്ലാവരുടേയും പ്രാർത്ഥനയും പിന്തുണയും ഞങ്ങൾക്ക് കരുത്തായി മാറി. ഇതെല്ലാം മനസ്സിലാക്കിയ ജോമോനച്ചൻ, അടുത്ത ദിവസം തന്നെ അമൃത ആശുപത്രിയിൽ എത്തി കുട്ടിയെ Paediatric Intensive Care Unit (PICU) ൽ സന്ദർശിച്ചു. അവൾക്കായി പ്രാർത്ഥിക്കുകയും രോഗീലേപനം നൽകുകയും ചെയ്തു. തുടർന്ന് കുറേ നേരം ഞങ്ങളോടൊപ്പം ആശുപത്രിയിൽ ചെലവഴിച്ച് ആശ്വസിപ്പിക്കുകയും ആത്മധൈര്യം പകരുകയും ചെയ്തു. ആ ദിനം ഞങ്ങൾ എന്നും കൃതജ്ഞതയോടെ ഓർക്കുന്നു. കസവനഹള്ളി ഇടവകയിലെ സമരിറ്റൻ വോളണ്ടിയർ ഡിജോയെ ആശുപത്രിയിലെ ആവശ്യമായ എല്ലാ സഹായങ്ങൾക്കുമായി ചുമതലപ്പെടുത്തുകയും ചെയ്തു.

വെല്ലുവിളികൾ നിറഞ്ഞ
രാത്രി യാത്ര

17 ദിവസത്തെ അതിതീവ്രപരിചരണത്തിനുശേഷം കുട്ടിയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതി പ്രകടമായി. Creatinine, infection rate, pneumonia, fever എന്നിവയിൽ കുറവുണ്ടായതോടെ രണ്ട് ആശുപത്രികളിലെയും ഡോക്ടർമാർ തമ്മിൽ ആലോചിച്ച് കുട്ടിയെ ബാംഗ്ലൂരിലെ കമാൻഡ് ഹോസ്പിറ്റലിലേക്ക് മാറ്റാൻ തീരുമാനിച്ചു. എന്നാൽ, ഇത്രയും ഗുരുതരാവസ്ഥയിലുള്ള ഒരു കുട്ടിയെ 560 കിലോമീറ്റർ ദൂരം, അതും രാത്രിയിൽ റോഡ് മാർഗ്ഗം മാറ്റുക എന്നത് വലിയ വെല്ലുവിളിയായിരുന്നു. ഈ ദൗത്യത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും സമരിറ്റൻ മിനിസ്ട്രി ഏറ്റെടുത്തു.

ഏഴു മണിക്കൂർ;
560 കിലോമീറ്റർ

സ്നേഹ ബഹുമാന്യനായ സെബാസ്റ്റ്യൻ പിതാവിന്റെ ഇടപെടലിലൂടെ, കേരളത്തിലെ ഒരു പ്രമുഖ ആശുപത്രിയിൽ നിന്നുള്ള ശിശുരോഗ വിദഗ്ധ, ഡോ. ട്രീസാ പോൾ മെഡിക്കൽ ടീം ലീഡായി കൂടെ വരാൻ സന്നദ്ധത അറിയിച്ചു. ആവശ്യമായ

മെഡിക്കൽ സംവിധാനങ്ങളോടെ, രാത്രി 9 മണിക്ക് യാത്ര ആരംഭിച്ചു.

560 കിലോമീറ്റർ ദൂരം രാത്രിയാത്ര ചെയ്ത് സുരക്ഷിതമായി ബാംഗ്ലൂരിൽ എത്തിച്ചേരേണ്ടിയിരുന്ന ആ യാത്ര, ഞങ്ങൾക്ക് വിശ്വാസവും പ്രാർത്ഥനയും ചേർന്ന ഒരു വലിയ പരീക്ഷണ മായിരുന്നു. ലഭിച്ചിരുന്ന വളരെ കുറച്ചു സമയത്തിനുള്ളിൽ തന്നെ സമരിറ്റൻ മിനിസ്ട്രി അംഗങ്ങൾ അത്യന്തം കാര്യ ക്ഷമമായി എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കി.

കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ പോലീസ് വകുപ്പുകളും ട്രാഫിക് ഡിപ്പാർട്ട്മെന്റുകളും ബന്ധ പ്പെട്ട അധികാരികളുമായി സംസാരിച്ച് ആവശ്യമായ അനുമതി കൾ ലഭ്യമാക്കി. വഴിയിലുള്ള സന്നദ്ധസംഘടനകൾ, ആംബുല ൻസ് ഡ്രൈവേഴ്സ് അസോസിയേഷൻ, നന്മ പ്രവർത്തകർ എന്നി വരുമായി സഹകരണം ഉറപ്പാക്കി. യാത്രാ മാർഗ്ഗത്തിൽ ഉള്ള പ്രധാന ആശുപത്രികളുടെ വിവരങ്ങൾ, അടിയന്തരാവസ്ഥ യിൽ ബന്ധപ്പെടേണ്ട DMO കോൺടാക്ട് നമ്പറുകൾ, ആവശ്യ മായാൽ സഹായം ലഭ്യമാക്കുന്ന മെഡിക്കൽ കേന്ദ്രങ്ങൾ, പെട്രോൾ പമ്പുകൾ എന്നിവയൊക്കെ മുൻകൂട്ടി ട്രാക്ക് ചെയ്ത് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തു. പെർമിഷൻ ആവ ശ്യമായ എല്ലാ ഇടങ്ങളിലും മുൻകൂർ അനുമതികൾ നേടി, ഒരു തടസ്സവും കൂടാതെ യാത്ര പുരോഗമിക്കുവാൻ വേണ്ട മുഴുവൻ സംവിധാനങ്ങളും സമരിറ്റൻ മിനിസ്ട്രി അംഗങ്ങൾ സൂക്ഷ്മമായി തയ്യാറാക്കി. ജിസോ ജോസ്, എഡ്വിൻ തെക്കേക്കര എന്നിവർ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്ന് കോർഡിനേഷൻ ചുമതല നിർവ്വഹിച്ചു.

ആശുപത്രി ആവശ്യങ്ങൾക്കും അത്യാഹിത ക്രമീകരണങ്ങൾക്കും സുബിൻ ഉൾപ്പെടെ ഗ്രൂപ്പിലെ ഭൂരിഭാഗം അംഗങ്ങളും ലൈ വായി ഓൺലൈനിൽ ഉണ്ടായിരുന്നുവെന്നത് ഈ ദൗത്യ ത്തിന്റെ ശക്തിയായിരുന്നു. ഓരോ ഘട്ടവും നിരീക്ഷിച്ച്, ആവ ശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി, ഒരു ടീമായി പ്രവർത്തിച്ചാണ് ഈ വെല്ലുവിളിയേറിയ ദൗത്യം മുന്നോട്ടു കൊണ്ടുപോയത്. ആംബുലൻസിൽ ഞാനും ഉണ്ടായിരുന്നു. ഡോക്ടർക്ക് കുട്ടിയെ suction നടത്തുന്നതിനായി കുറച്ചു ഇടങ്ങളിൽ മാത്രമാണ് വാഹനം നിർത്തേണ്ടിവന്നത്. ഓരോ ടോൾഗേറ്റിലും മുൻകൂട്ടി ഒരുക്കിയ അകമ്പടിയോടെ രണ്ട് മുതൽ നാല് വരെ ചെറിയ ആംബുലൻസുകളുടെ സഹായത്തോടെ ആൻ മരിയയെ കൊണ്ടുപോകുന്ന പ്രധാന ആംബുലൻസ് തടസ്സമില്ലാതെ മുന്നേറി. 560 കിലോമീറ്റർ ദൂരം വെറും ഏഴ് മണിക്കൂറിനുള്ളിൽ പിന്നിട്ട്, പുലർച്ചെ ഏകദേശം 4 മണിയോടെ ഞങ്ങൾ സുരക്ഷിതമായി ബാംഗ്ലൂരിലെ കമാൻഡ് ഹോസ്പി റ്റലിൽ എത്തിച്ചേർന്നു.

പുലർച്ചെ 4 മണിക്ക് വണ്ടി എത്തുമ്പോഴേക്കും ജോമോനച്ചൻ ആശുപത്രി ഗേറ്റിൽ കാത്തുനിന്നിരുന്നു. നമ്മുടെ ആവശ്യ ത്തിനായി സ്വന്തം കുടുംബത്തെയും രണ്ട് കുഞ്ഞുങ്ങളെയും വിട്ട് കൂടെയെത്തിയ ഡോക്ടർക്ക് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും, മടങ്ങിപ്പോകുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്ത ശേഷമാണ് അച്ചൻ മടങ്ങിയത്. ആ രാത്രി ഞങ്ങൾ അനുഭവിച്ചത് മനുഷ്യസ്നേഹത്തിന്റെ, പ്രാർ ത്ഥനയുടെ, കൂട്ടായ്മയുടെ അതുല്യമായ സാക്ഷ്യമായിരുന്നു.

ജീവിതത്തിലേക്ക്
തിരികെ

കമാൻഡ് ഹോസ്പിറ്റലിൽ എത്തിച്ചേർന്നതോടെ ആൻ മരിയ യുടെ ആരോഗ്യനില ക്രമേണ മെച്ചപ്പെടാൻ തുടങ്ങി. അടുത്ത ഒരാഴ്ചയ്ക്കുള്ളിൽ വെന്റിലേറ്ററിൽ നിന്ന് മാറ്റാൻ സാധിച്ചു. തുടർന്ന് infection, Creatine, pneumonia എന്നിവ എല്ലാം ക്രമാനുഗതമായി കുറഞ്ഞു. എന്നിരുന്നാലും സ്വാഭാ വികമായി ശ്വസിക്കാൻ ബുദ്ധിമുട്ട് തുടരുന്നതിനാൽ Tracheostomy ചെയ്യാൻ ഡോക്ടർമാർ തീരുമാനിച്ചു. ഡിസം ബർ 13 ന് ശസ്ത്രക്രിയ വിജയകരമായി നടന്നു. പിന്നീട് ഡിസംബർ 31 ന് tracheostomy ട്യൂബോടുകൂടി കുട്ടിയെ ഡിസ് ചാർജ്ജ് ചെയ്തു. ഞങ്ങളുടെ കാർട്ടേഴ്സിൽ ഹോം നഴ്സിന്റെ സഹായത്തോടെ രണ്ടാഴ്ച പരിചരണം തുടർന്നു. തുടർന്ന് tracheostomy ട്യൂബിന്റെ വലുപ്പം 4 ആയികുറച്ചു. കുട്ടിയുടെ ശ്വസന ബുദ്ധിമുട്ട് പൂർണ്ണമായും മാറിയതായി ഡോക്ടർമാർ ഉറപ്പു വരുത്തുകയും തുടർന്ന് ഫെബ്രുവരി 25 നു tracheostomy ട്യൂബ് വിജയകരമായി നീക്കം ചെയ്യുകയും ചെയ്തു. മൂന്ന് ദിവസത്തെ സൂക്ഷ്മമായ നിരീക്ഷണത്തിനുശേഷം, SPO2 ഉൾപ്പെടെ എല്ലാ vital parameters ഉം സാധാരണ നിലയി ലാണെന്ന് ഉറപ്പുവരുത്തി. ആരോഗ്യനില തൃപ്തി കരമാണെന്ന് ഉറപ്പായതോടെ കുട്ടിയെ ഡിസ്ചാർജ്ജ് ചെയ്തു.

നന്ദിയോടെ ഞങ്ങളുടെ
കുടുംബം

കമാൻഡ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ച ശേഷവും സമരിറ്റൻ മിനിസ്ട്രി–വിംഗ്സ് ഓഫ് ഹോപ്പ് അംഗങ്ങൾ നിരന്തരം വിവരങ്ങൾ അന്വേഷിക്കുകയും, ഞങ്ങൾക്ക് ആവശ്യമായ എല്ലാ പിന്തുണയും നൽകി വരുന്നു. ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും വെല്ലുവിളിയേറിയ ഈ മൂന്നു മാസങ്ങളിൽ, ഞങ്ങളുടെ അവസ്ഥ മനസ്സിലാക്കി കൈപിടിച്ച് നിന്ന ഈ നല്ല സമരിയാക്കാരോടുള്ള നന്ദി വാക്കുകൾക്കതീതമാണ്. അവരുടെ കരുതലും സമർപ്പണവും ഞങ്ങൾ ഒരിക്കലും മറക്കില്ല. എന്റെയും
എന്റെ കുടുംബത്തിന്റെയും പേരിൽ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ഈ കൂട്ടായ്മയുടെ എല്ലാ ശുശ്രൂഷാപ്രവർത്തനങ്ങളേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
നല്ല സമരിയക്കാരന്റെ ഉപമ നെഞ്ചോടു ചേർത്ത് പിടിച്ച് ഈ മിനിസ്ട്രി ഇനിയും അനേകർക്കു പ്രത്യാശയും ആശ്വാസവും നൽകി മുന്നേറട്ടെ എന്ന്
ഞങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

JOBY AUGUSTINE
Indore, Madhya Pradesh



A FATHER'S HEARTFELT THANKS: HOW SAMARITANS SAVED MY DAUGHTER

"But a Samaritan, as he traveled, came where the man was; and when he saw him, he took pity on him. He went to him and bandaged his wounds... and took care of him." (Luke 10:33-34)

In the Bible, we read about the Good Samaritan who stopped to help a stranger when others walked away. On April 2nd, 2026, I saw this story happen in real life. When my daughter was lying injured on a road in Bengaluru and I was thousands of miles away, the "Samaritans of Mandya" became the hands of God. They didn't know us, but they stopped everything to save her.

AN UNEXPECTED CRISIS

I am Joby K. A., and my daughter, San Maria Joby, is an engineering student at Christ University, Kengeri. On the evening of Maundy Thursday, April 2, 2026, our world turned upside down. San Maria met with a very serious road accident while crossing the road. She was hit by a car and suffered severe injuries, including multiple fractures in her right leg and a broken left hip.

At that time, I was working in Madhya Pradesh. Even though her friends called me immediately, I was thousands of kilometers away and couldn't reach Bengaluru anytime soon. I felt totally lost and didn't know what to do.

HELP JUST A CLICK AWAY

In my panic, I called Mr. Santhosh Joseph, her catechism teacher at St. Thomas Forane Church, Dharmaram. He told me, "Don't worry, help is on the way." To be honest, I found it hard to believe at first, but what happened next was nothing short of a miracle.

Mr. Santhosh created a help request with the accident details on Samaritans of Mandya, an emergency mobile app by the Mandya Diocese. Within minutes, I got a call from Mr. Jisso Jose, who promised me that everything would be taken care of.

COORDINATION AND CARE

The response was lightning-fast:

- Volunteers Arrive: Mr. Pradeep from St. Vincent Parish, Kengeri reached R.R. Medical College (where she was first taken) almost immediately. Mr. Jisso arrived just 10 minutes later. Couple of San Maria's friends and family also arrived by then to help.
- Expert Advice: After seeing the X-rays, Mr. Jisso suggested moving her to a better hospital for surgery. He kept calling me with regular updates so I wouldn't worry.
- The Shift: They coordinated with Mr. Justin Antony, a Samaritan volunteer from Swargarani Parish, RR Nagar and Nursing Superintendent at BGS Fortis Hospital. He personally arranged an ambulance and doctors to pick up San Maria and bring her to BGS, where everything was ready for her arrival.

TRUE HUMANITY IN ACTION

When I finally reached the hospital at 11:30 a.m. the next day, I was amazed. Mr. Jisso and Mr. Justin had organized everything perfectly under the guidance of Fr. Jomon Kolenchery CMI, Director of the Samaritan Movement.

The surgery was successful, and we were discharged after three days. We are currently staying in Kengeri for her physiotherapy. God's abundant mercy through Samaritan volunteers flowing on us even now:

- Jaya Abraham and Johnson K. J from Swargarani Parish, RR Nagar arranged a walker.
- Mathew Joseph and Jomy John from Swargarani Parish provided a pedal fan for us to use.
- Fr. Jiby Edappallikkunnel CMI (Director, Christ University, Kengeri Campus) provides an ambulance every time we need to go for a check-up.

A FINAL WORD OF GRATITUDE

The selfless service of Fr. Jomon, Mr. Jisso, Mr. Justin, and the entire Samaritan team is beyond words. Many of them sacrificed their time of Maundy Thursday prayer with their families to help our moment of great distress, I saw true humanity. They didn't know me and never heard of me, yet they worked tirelessly to save my child.

I am deeply grateful to everyone. I truly encourage everyone to download the Samaritan of Mandya Aapp and join this noble cause. Your joining can provide life-saving help to someone else in a crisis.



GOOD SAMARITANS IN MY MOMENT OF NEED

A Testimony of Faith, Friendship and God's Providence

- Rose Maria Richard

"The Lord is my helper; I will not be afraid." (Hebrews 13:6.)

God often sends His help through the hands of ordinary people. The night of January 16, 2026, began as an ordinary family gathering but unfolded into an experience that reminded me of the true meaning of faith, friendship, and service. My brother had recently returned from Canada, and after what felt like an eternity apart, we were finally able to spend some good time together with our parents. After a heartfelt time together, we went our separate ways. But in the midst of it all, my brother unknowingly left the scooter parked in Koramangala with the key still in it.

The next morning, I received a call from an anonymous number. The caller addressed me by name and informed me that my scooter was missing. He mentioned that local residents had reported suspicious activity involving a group of youngsters and that the vehicle had come to the police's attention. He asked me to wait for half an hour for further instructions.

Panicked and disoriented, I didn't know how to respond. But one name immediately came to my mind -Akash Thomas Palliparambil. Little did I know back then that this incident was meant for a greater purpose.

MY SMYM DAYS

My name is Rose Maria Richard belonged to Holy Family Forane Church, Hongasandra, Bengaluru. I was an active member of the Syro-Malabar Youth Movement (SMYM) for as long as I can remember. Much of my time was spent at church, volunteering and taking on several leadership roles that shaped my religious and personal life. SMYM also gave me friends who are like family. But as years passed by, balancing career demand and personal commitments alongside SMYM responsibilities became difficult. Gradually, I had to step back from active involvement. Although we grew apart, the memories and values we shared stayed closer to my heart.

ONE CALL AWAY

Akash Chettan was the former president of SMYM. He was like a brother to me who was always one call away. Even though we hadn't spoken in a while, I reached out to him in that moment of panic. I was overwhelmed and could barely explain what had happened. Although he was not in Bangalore at the time, he immediately reassured me that I was not alone and that he would handle it. That reassurance helped me calm down.

FAITH IN ACTION

Within minutes, Akash Chettan contacted the members of the Samaritan ministry of Mandya Diocese, and immediately, Sharon Joe Thomas, who also was an SMYM member and a dear friend of mine, contacted me and informed me that he had already spoken to the Circle Inspector at the Koramangala Police Station and briefed them about the situation. He asked me to remain calm and be at the police station if required.

A police station was never a soothing sight. I felt anxious and intimidated, but as I stepped out after speaking with the officers, I saw familiar faces waiting for me, members of my SMYM family, along with the Samaritan Ministry team including Advocate Akash from Koramangala Parish and Edwin Sojan from Ejipura Parish ready to support me. Special thanks to my SMYM friends Sachin and, Sharon.


THE CONFRONTATION

Soon after, the anonymous caller contacted us again and instructed us to come to Shivajinagar. While there was a sense of relief in having a lead, I was still worried that the scooter might already have been dismantled or lost. The Samaritan team under the leadership of Jisso Chettan and Vincent Joseph contacted the higher police officials and coordinated the mission. Nevertheless, accompanied by a police officer and supported by the Good Samaritan team through constant communication and live location tracking, we agreed to go to Shivajinagar.

After that, everything felt like a whim. The individual who had contacted us was eventually identified and apprehended by the police. Investigations revealed that he was involved in multiple criminal activities and was found in possession of a knife and illegal substances. By the grace of God and timely intervention from the authorities and the Good Samaritan team, the situation was brought under control. Most importantly, my scooter was recovered without any damage.

A HEART FULL OF THANKS

Looking back now, I realize that recovering my scooter was only one part of the story. What I behold the most would be the unwavering support I received from the Good Samaritan team and my SMYM family. Under the calm and decisive personal presence and guidance of Rev. Fr. Jomon Kolenchery CMI, the Director of Samaritan Ministry, they stood by my side through everything and imparted strength to me throughout. From the police station to the journey to Shivajinagar, they remained with me at each step, reminding me that I was never alone in the process. Thank you, Good Samaritan Ministry, thank you SMYM family for being friends in my need. May God bless this ministry.





ഇരുളടഞ്ഞ രാത്രിയിലെ ദൈവസ്പർശം

ഒരു സമരിറ്റൻ കാരുണ്യഗാഥ

സുബിൻ ജോസ്
മൗണ്ട് കാർമൽ ഫൊറോനാ ഇടവക, കർമലാരാം, ബാംഗ്ലൂർ

'ശക്തനും ധീരനുമായിരിക്കണമെന്നും ഭയപ്പെടുകയോ പരിഭ്രമിക്കുകയോ ചെയ്യരുതെന്നും നിന്നോട് ഞാൻ കൽപിച്ചിട്ടില്ലയോ? നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോട് കൂടെ ഉണ്ടായിരിക്കും' (ജോഷ്വ 1: 9).

ജീവിതത്തിന്റെ വഴികളിൽ അപ്രതീക്ഷിതമായി ഇരുൾ പടരുമ്പോൾ, നാം തീർത്തും ഒറ്റപ്പെട്ടുപോയെന്ന് കരുതുന്ന നിമിഷങ്ങളിലാണ് ദൈവം മനുഷ്യരൂപത്തിൽ ചിലരെ നമ്മുടെ മുന്നിലേക്ക് അയക്കുന്നത്. അപരിചിതമായൊരു നാട്ടിൽ, എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്ന ഒരു രാത്രിയിൽ, ഞങ്ങൾ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹത്തിന്റെ പ്രകടിത രൂപമായിരുന്നു 'സമരിറ്റൻ ആക്ട്'. ദുരിതമുഖത്തുനിന്നും പ്രത്യാശയുടെ വെളിച്ചത്തിലേക്ക് ഞങ്ങളെ കൈപിടിച്ചുയർത്തിയ ഒരു വലിയ കരുതലിന്റെ കഥയാണിത്.

നടുക്കത്തോടെ ആ രാത്രി...

എന്റെ പേര് സുബിൻ ജോസ്. ഞാൻ കണ്ണൂർ സ്വദേശിയാണ്. ഇപ്പോൾ കുടുംബത്തോടൊപ്പം ബെംഗളൂരുവിൽ താമസിക്കുന്നു. ജീവിതത്തിൽ ചില നിമിഷങ്ങൾ ഒരിക്കലും മറക്കാനാകില്ല. 2026 മെയ് 11ന് ഞാനും ഭാര്യ ബിന്ദുവും കോട്ടയത്ത് ഒരു വിവാഹത്തിൽ പങ്കെടുത്ത് ബെംഗളൂരുവിലേക്ക് മടങ്ങുകയായിരുന്നു. രാത്രി യാത്രയായിരുന്നു. ഞങ്ങൾ രണ്ടുപേരും നല്ല ഉറക്കത്തിലും.

പെട്ടെന്ന് ഒരു വലിയ ശബ്ദം! ഞങ്ങൾ സഞ്ചരിച്ചിരുന്ന ബസ് മുന്നിലുണ്ടായിരുന്ന ലോറിയിൽ ശക്തമായി ഇടിച്ചു. ഒരു നിമിഷം കൊണ്ട് എല്ലാം മാറിമറിഞ്ഞു. യാത്രക്കാർ പലരും സീറ്റുകളിൽ നിന്ന് തെറിച്ചുവീണു. വാഹനത്തിനുള്ളിൽ എല്ലായിടത്തുനിന്നും നിലവിളികളും കരച്ചിലും മാത്രം. എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കാൻ പോലും കുറച്ച് സമയം എടുത്തു.

ഞാൻ ആദ്യം ഓടിയത് ഭാര്യയുടെ അടുത്തേക്കായിരുന്നു. അവൾ അസഹ്യമായ വേദനയിൽകരയുകയായിരുന്നു. ആ കാഴ്ച ഇന്നും എന്റെ മനസ്സിൽ മായാതെ നിൽക്കുന്നു. സമീപത്തുണ്ടായിരുന്ന ആളുകളുടെ സഹായത്തോടെ എങ്ങനെയോ അവളെ പുറത്തെടുത്ത് സേലത്തുള്ള 'ശ്രീ സുരക്ഷ' ആശുപത്രിയിൽ എത്തിച്ചു. അപകടത്തിൽ ഭാര്യയ്ക്ക് L3 വെർട്ടിബ്രൽ ഫ്രാക്ചർ (Vertebral Fracture) സംഭവിച്ചിട്ടുണ്ടായിരുന്നു.

ആ നിമിഷം ഞാൻ ആകെ തകർന്നുപോയി. ഭാര്യയുടെ അവസ്ഥ എന്താകുമെന്ന ഭയം, അപരിചിതമായ ഒരു സ്ഥലം, ആരെയും

അറിയില്ല, എന്ത് ചെയ്യണമെന്നറിയില്ല... അതിനൊപ്പം ബെംഗളൂരുവിൽ കുട്ടികളുടെ അഡ്മിഷൻ നടപടികൾ നടക്കുകയായിരുന്നു. എത്രയും വേഗം അവിടെയെത്തണം എന്ന ചിന്തയും മനസ്സിനെ കൂടുതൽ അസ്വസ്ഥമാക്കി.

പ്രത്യാശയുടെ ആദ്യത്തെ ഫോൺവിളി

അപ്പോഴാണ് 'സമരിറ്റൻസ് ഓഫ് മണ്ഡ്യ മൊബൈൽ ആപ്പ്' എന്റെ ഓർമ്മയിൽ വന്നത്. അപകടം മണ്ഡ്യ രൂപതയ്ക്ക് പുറത്തായിരുന്നെങ്കിലും, ഒരാളെങ്കിലും പ്രതികരിക്കുമല്ലോ, എന്റെ ഇടവകയിലെ ആരെങ്കിലും വിവരമറിയുമെന്ന പ്രതീക്ഷയിൽ ഞാൻ സമരിറ്റൻ ആപ്പിലൂടെ സഹായം അഭ്യർത്ഥിച്ചു. അപ്പോൾ ഞാൻ എടുത്ത ഏറ്റവും ശരിയായ തീരുമാനമായിരുന്നു അത്. സത്യത്തിൽ അതിന് ശേഷം സംഭവിച്ചതെല്ലാം എന്റെ പ്രതീക്ഷകൾക്കപ്പുറമായിരുന്നു.

ആദ്യം ഫാ. ജോമോൻ കോലഞ്ചേരിയും പിന്നെ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും എന്നെ ഫോണിൽ വിളിച്ചു. 'ധൈര്യമായിരിക്കൂ... ഞങ്ങൾ കൂടെയുണ്ട്' എന്ന അവരുടെ വാക്കുകൾ ഇന്നും എന്റെ മനസ്സിലുണ്ട്. ആ സമയത്ത് ആ വാക്കുകൾ എനിക്ക് എത്ര വലിയ ആശ്വാസമായിരുന്നുവെന്ന് പറഞ്ഞറിയിക്കാൻ കഴിയില്ല. അതിന് പിന്നാലെ സമരിറ്റൻ പ്രവർത്തകരുടെ ഫോൺവിളികൾ ഒന്നിന് പിന്നാലെ ഒന്നായി വന്നു. ഓരോ വിളിയും എന്റെ പേടി കുറച്ചു. ഞങ്ങൾ ഒറ്റയ്ക്കല്ലെന്ന ബോധ്യം ഞങ്ങളിൽ നിറഞ്ഞു.

കാവൽ മാലാഖമാരെപ്പോലെ അവർ

ശ്രീമതി സോജി ജയ്സൺ ഉടൻ തന്നെ സേലത്തുള്ള ബ്രദർ ബിജു ഫിലിപ്പിനെയും ശ്രീ. മെൽവിനെയും ഞങ്ങളുമായി ബന്ധപ്പെടുത്തി. അവർ ഞങ്ങളെ ഒരിക്കലും കണ്ടിട്ടില്ല, മുൻപരിചയവുമില്ല. എന്നിട്ടും ഒരു മടിയും കൂടാതെ അവർ ഓടി ആശുപത്രിയിലെത്തി. സത്യത്തിൽ, ഞങ്ങളുടെ ആദ്യത്തെ ആലോചന ഭാര്യയെ എങ്ങനെയെങ്കിലും ബെംഗളൂരുവിലേക്ക് കൊണ്ടുപോകുക എന്നതായിരുന്നു. അവിടെ ചികിത്സ ലഭിച്ചാൽ കൂടുതൽ സൗകര്യമായിരിക്കുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. എന്നാൽ അവളുടെ അപ്പോഴത്തെ അവസ്ഥയിൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് മാറ്റാനോ, ശരീരം അധികം അനക്കാനോ പോലും കഴിയില്ലെന്നാണ് ഡോക്ടർമാർ വ്യക്തമാക്കിയത്.

ആ സമയത്ത് ബ്രദർ ബിജു കാര്യമായി ഇടപെട്ടു. അദ്ദേഹം പുറത്തുനിന്നുള്ള മുതിർന്ന സ്പൈൻ വിദഗ്ധരുടെ അഭിപ്രായവും തേടി, എല്ലാ റിപ്പോർട്ടുകളും പരിശോധിപ്പിച്ചു. എല്ലാവരുടേയും അഭിപ്രായം ഒന്നായിരുന്നു; ശസ്ത്രക്രിയ എത്രയും വേഗം നടത്തണം. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഡോക്ടർമാരുമായി വീണ്ടും സംസാരിച്ചു. അവരുടെ സമയോചിതമായ ഇടപെടലിലൂടെ രാത്രി 8 മണിക്ക് നിശ്ചയിച്ചിരുന്ന ശസ്ത്രക്രിയ അന്ന് ഉച്ചയ്ക്ക് 1.30 ന് തന്നെ നടത്താൻ സാധിച്ചു. ആ തീരുമാനം ഞങ്ങൾക്ക് വലിയ ആശ്വാസവും അനുഗ്രഹവുമായി മാറി. അന്ന് ഞങ്ങൾക്ക് ഏറ്റവും ആവശ്യമായിരുന്നത്, ശരിയായ സമയത്ത് ശരിയായ തീരുമാനം എടുക്കാൻ ഒപ്പം നിൽക്കുന്ന ആരെങ്കിലുമായിരുന്നു. സമരിറ്റൻ മിനിസ്ട്രി അതാണ് ഞങ്ങൾക്ക് നൽകിയത്.

ഞങ്ങളുടെ ഇടവകാംഗമായ ശ്രീ. കെൻ കണ്ണമ്പുഴ കേരളത്തിൽ നിന്ന് മടങ്ങുന്ന വഴിയിൽ ആശുപത്രിയിൽ ഞങ്ങളെ സന്ദർശിക്കാനെത്തിയിരുന്നു. അന്ന് ബ്രദർ ബിജുവും ശ്രീ. മെൽവിനും ഞങ്ങൾക്കായി നടത്തുന്ന സേവനങ്ങളും അവർ ഏറ്റെടുത്ത ഉത്തരവാദിത്വവും നേരിൽ കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടുപോയി. സ്വന്തം ബന്ധുക്കളെപ്പോലെ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ച്, ഒരു കുറവും വരാതെ അവർ നൽകിയ കരുതൽ അദ്ദേഹത്തെയും ആഴത്തിൽ സ്പർശിച്ചു.

ശസ്ത്രക്രിയ വിജയകരമായി നടന്നു. തുടർന്ന് മൂന്ന് ദിവസം ഐസിയുവിലായിരുന്നു. പിന്നീട് വാർഡിലേക്ക് മാറ്റിയ ശേഷം ദിവസേന ഫിസിയോതെറാപ്പി ആരംഭിച്ചു. ആദ്യം ഒന്ന് എഴുന്നേറ്റ് നിൽക്കാൻ പോലും കഴിയാത്ത അവസ്ഥയായിരുന്നു. എന്നാൽ സാവധാനം വാക്കറിന്റെ സഹായത്തോടെ കുറച്ച് ചുവടുകൾ നടക്കാൻ കഴിഞ്ഞത് ഞങ്ങൾക്ക് വലിയ പ്രത്യാശ നൽകി. ഇനിയും ഏതാനും ആഴ്ചകൾ മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. ഒരു വർഷത്തോളം ബാക്ക് ബ്രേസ് ധരിക്കണമെന്നും ഡോക്ടർമാർ നിർദേശിച്ചിട്ടുണ്ട്. ഇപ്പോഴും അരയ്ക്കുതാഴെ കാലുകളിലേക്ക് മരവിപ്പും വേദനയും ഉള്ളതിനാൽ പൂർണമായ സുഖപ്രാപ്തിക്കായി ഞങ്ങൾ പ്രാർത്ഥനയോടെ കാത്തിരിക്കുകയാണ്.

പണത്തിനപ്പുറമുള്ള കരുതൽ

ഈ പതിനാലു ദിവസത്തെ ആശുപത്രിവാസത്തിനിടയിൽ ബ്രദർ ബിജുവും ശ്രീ. മെൽവിനും മിക്ക ദിവസങ്ങളിലും ആശുപത്രിയിലെത്തി ഞങ്ങളെ സന്ദർശിക്കുകയും എല്ലാ കാര്യങ്ങളിലും ഒപ്പമുണ്ടാവുകയും ചെയ്തു. ചികിത്സയുടെ പുരോഗതി അന്വേഷിക്കുകയും ആവശ്യമായ സഹായങ്ങൾ ഏകോപിപ്പിക്കുകയും ഞങ്ങൾക്ക് ആത്മവിശ്വാസം പകരുകയും ചെയ്തു. ആശുപത്രി ഇൻഷുറൻസ് നടപടികളെല്ലാം അവർ കാര്യക്ഷമമായി കൈകാര്യം ചെയ്തതിനാൽ അതിന്റെ പേരിൽ ഒരു ബുദ്ധിമുട്ടും ഞങ്ങൾക്ക് നേരിടേണ്ടി വന്നില്ല. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ആയ ദിവസം ബെംഗളൂരുവിലേക്കുള്ള ആംബുലൻസ് യാത്ര മുതൽ തുടർന്നുള്ള എല്ലാ കാര്യങ്ങളിലും ആവശ്യമായ സഹായങ്ങൾ ഉറപ്പാക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

ആ ദിവസങ്ങളിൽ ഞങ്ങൾക്ക് മനസ്സിലായത് ഒന്നു മാത്രമാണ്, എല്ലാ സഹായങ്ങളും പണമായി അളക്കാൻ കഴിയില്ല. ചിലപ്പോൾ ഒരു ഫോൺവിളി, ഒരു ആശ്വാസവാക്ക്, ആശുപത്രിയിൽ ഒപ്പമിരുന്ന ഒരാൾ, "പേടിക്കണ്ട, ഞങ്ങൾ കൂടെയുണ്ട്" എന്ന് പറയുന്ന ഒരു ശബ്ദം... അതൊക്കെയാണ് ഈ ലോകത്തിലെ ഏറ്റവും വലിയ സഹായം. പരിചയമില്ലാത്ത ഒരു നാട്ടിൽ സ്വന്തം വീട്ടുകാരുള്ളതുപോലെയാണ് സമരിറ്റൻ മിനിസ്ട്രിയുടെ പ്രവർത്തനം ഞങ്ങൾക്ക് അനുഭവപ്പെട്ടത്.

ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ഫാ. ജോമോൻ കോലഞ്ചേരി, ബ്രദർ ബിജു ഫിലിപ്പ്, ശ്രീമതി സോജി ജയ്സൺ, ശ്രീ. മെൽവിൻ എന്നിവരോട് പ്രത്യേകമായും ഞങ്ങളെ വിളിച്ച് ആശ്വസിപ്പിക്കുകയും സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാ സമരിറ്റൻ പ്രവർത്തകരോടും എന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ഒരു സാങ്കേതിക വിദ്യയ്ക്കപ്പുറം, ഇതൊരു സ്നേഹക്കൂട്ടായ്മ

സമരിറ്റൻ മൊബൈൽ ആപ്പ് എന്നത് ഒരു ഡിജിറ്റൽ സാങ്കേതിക സംവിധാനം മാത്രമല്ല, മറിച്ച് പ്രതിസന്ധികളിൽ തളർന്നുപോകുമ്പോൾ ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപത്തിൽ നമ്മുടെ മുന്നിലെത്തിക്കുന്ന ഒരു അത്ഭുതക്കൂട്ടായ്മയാണ്. അവർ തന്ന ആത്മവിശ്വാസവും കാട്ടിയ കരുണയും വാക്കുകൾക്ക് അപ്പുറമാണ്. ഞങ്ങളുടെ ജീവിതകാലം മുഴുവൻ ഈ സ്നേഹക്കരുതലിനോട് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. നിസ്വാർത്ഥമായി സേവനം ചെയ്യുന്ന എല്ലാ സമരിറ്റൻ പ്രവർത്തകരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

THE NEW HORIZONS FOR SAMARITAN MINISTRY

LAUNCHING THE NEW SAMARITANS OF MANDYA WEB PORTAL



In a world where every second counts during an emergency, information can be the difference between life and death. At Samaritan Ministry, we have always been driven by the spirit of service and the commitment to stand by those in need. Today, we are thrilled to announce a transformative step in our journey: the upcoming launch of our comprehensive new website.

This digital platform is designed to be more than just a website; it is an Information Hub created to streamline our mission and bring our services closer to those who need them most.

WHAT YOU WILL FIND ON OUR NEW PLATFORM

A SNAPSHOT OF SERVICE: Gain a deeper understanding of our core mission, browse through inspiring testimonials from those we have served, and view detailed statistics that reflect the impact of our collective efforts.

OUR COMMUNITY NETWORK: Easily locate your nearest Samaritan Ministry units, including partner churches and institutions, ensuring that help is always within reach.

SMART EMERGENCY MAPPING: This is the heart of our new initiative. Through integrated Google Maps technology, users will be able to **IDENTIFY HOSPITALS IN THEIR IMMEDIATE VICINITY** based on specific medical needs. Whether it is a **CARDIAC EMERGENCY OR A CASE REQUIRING ANTI-VENOM FOR SNAKE BITES**, our platform will guide you to the facility that offers the exact specialized care required.

OUR VISION FOR THE FUTURE

We understand that in moments of crisis, clarity is vital. By leveraging technology, we aim to eliminate the confusion that often accompanies emergencies, ensuring that time-sensitive care is sought at the right facility without delay. However, **OUR MINISTRY IS NOT BUILT ON TECHNOLOGY ALONE; IT IS BUILT ON THE HEARTS OF THE PEOPLE OF MANDYA DIOCESE. THIS WEBSITE WILL ALSO SERVE AS A DIRECTORY OF OUR DEDICATED VOLUNTEERS, THE BACKBONE OF SAMARITAN MINISTRY.** We invite you to join us in this mission. Whether you are looking to offer your time, support our cause, or simply stay informed, our new platform will be your gateway to making a meaningful difference.

Together, let us make Samaritan Ministry a beacon of hope and a reliable pillar of support for our community. We invite you to walk with us as we embrace these new facilities to reach more lives and spread compassion further than ever before.

Join our mission. Together, we can make a difference.

JISSO JOSE
Coordinator, IT Mission, Diocese of Mandya

SCAN TO INSTALL

Google Play
Download on Playstore

App Store
Download on AppStore

Printed and Published by: Dr. Jomon Kolenchery CMI, Director, on behalf of Good Samaritian Ministry, Diocese of Mandya, Karnataka, India
info@samaritansofmandya.org, Ph: 9448304299